# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3816

## 15-03-2017 ൽ മറുപടിക്ക്

## 2016-17 ലെ 'കിഫ്ബി' പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 വർഷത്തിൽ കിഫ്ബിയുടെ പരിഗണനയ്ക്കായി വന്ന പദ്ധതികൾ ഏതെല്ലാമാണ്; അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വകുപ്പും ജില്ലയും തിരിച്ച് ഓരോ പ്രവർത്തിക്കും അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ ; | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട 104 പദ്ധതികളാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി ഓൺ ലൈനായി സമർപ്പിക്കപ്പെട്ടത്. ഈ പദ്ധതികളുടെ പട്ടിക അനുബന്ധം (എ) ആയി ചേർക്കുന്നു. ഇതിൽ സ.ഉ.(കൈ)നം.315/16/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് യോഗ്യമായതും 4004.86 കോടി രൂപയുടെ മുതൽമുടക്കുമുള്ള 48 പദ്ധതികൾക്ക് 07.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതി വിശദാംശങ്ങളുടെ പട്ടിക അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (ബി) ഭരണാനുമതി നല്കിയവയിൽ എത്ര എണ്ണം മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കമോ ; | 07.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധം (സി) ആയി ചേർക്കുന്നു. |
| (സി) 'കിഫ്ബി' പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനും ശേഷവുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. ഇതു സംബന്ധിച്ച മാർഗരേഖ (08.08.2016 ലെ സ.ഉ.(കൈ)നം. 315/2016/ധന) കിഫ്ബിയുടെ വെബ്സൈറ്റിൽ |

| | |
|---|---|
| | പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിവിധ ഘട്ടങ്ങൾ താഴെ പറയുംവിധമാണ്.<br>(1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.<br>(2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.<br>(3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal(RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് |

| | |
|---|---|
| | അടുത്ത നടപടി.<br>(4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIFB ധനസഹായം നൽകുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം (ഡി) ആയി ചേർത്തിട്ടുണ്ട്. |
| (ഡി) ഒരു വകുപ്പിന്റെ പദ്ധതി 'കിഫ്ബി'യിൽ ഉൾപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്; വിശദമാക്കാമോ ? | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരമുള്ള ഏതെങ്കിലും പദ്ധതികൾ (ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികൾ) ജനപ്രതിനിധികൾക്ക് അവരുടെ മണ്ഡലത്തിലോ കേരളത്തിൽ മറ്റെവിടെയുമെങ്കിലോ കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ, അത്തരം പദ്ധതികളെ സംബന്ധിച്ച് വിവരം ബഹു.മുഖ്യമന്ത്രിയുടെയോ ബഹു.ധനകാര്യ മന്ത്രിയുടെയോ അതാതു വകുപ്പ മന്ത്രിയുടേയോ ശ്രദ്ധയിൽക്കൊണ്ടുവന്നതിനു ശേഷം 08-08-2016 ലെ സ.ഉ.(കൈ)നം.315/2016/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് വ്യക്തമായ പദ്ധതി നിർദ്ദേശം കിഫ്ബിക്ക് സമർപ്പിക്കുന്നപക്ഷം അവ പരിശോധിച്ച് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്